# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 697 — 28/09/2011-ൽ മറുപടിയ്ക്ക്

## കാൻസർ ചികിത്സാ രംഗത്ത് നൂതന സംവിധാനം

ചോദ്യം — മറുപടി

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: — ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗനിർണ്ണയം നേരത്തെനടത്തുന്നതിന് സഹായകരമായ എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; | (എ) | കേരളത്തിൽ പ്രധാനമായും കണ്ടുവരുന്ന വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയഗള കാൻസർ തുടങ്ങിയവ ആരംഭത്തിലെ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. സ്തനാർബുദം കണ്ടുപിടിക്കുന്നതിന് മാമോഗ്രാഫ്, Ultrasound, FNAC എന്നീ ടെസ്റ്റുകളാണുള്ളത്.<br>ഗർഭാശയഗള കാൻസർ കണ്ടുപിടിക്കുന്നതിന് പാപ്സ്മിയർ പരിശോധന, Visual Inspection After Acetic Acid Application (VIA), Visual Inspection after lugolus Iodine (VILI) കോൾപ്പോസ്ക്കോപ്പി പരിശോധന തുടങ്ങിയവയാണ്. ഇത്തരം പരിശോധന നടത്തുന്നത് ആർ. സി. സി. യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗമാണ്. കൂടാതെ ആർ. സി. സി.യുടെ ഉപകേന്ദ്രങ്ങളായ Early Cancer Detection Centre, Ernakulam, Palakkad എന്നിവിടങ്ങളിൽ Mammogram, Ultrasound, Colposcopy ഒഴികെയുള്ള പരിശോധനാ സംവിധാനം നിലവിലുണ്ട്.<br>ഇതു കൂടാതെ പ്രോസ്റ്റേറ്റ് ഗ്രന്ഥി, Colon, വൻകുടൽ കാൻസർ, ഓവറി, പാൻക്രിയാസ് മുതലായ ഭാഗങ്ങളിലുണ്ടാകുന്ന കാൻസർ കണ്ടുപിടിക്കുന്നതിനുള്ള 'Tumour Markers' |

| | | | |
|---|---|---|---|
| | | | സംവിധാനവും നിലവിലുണ്ട്. ഇതുകൂടാതെ ആർ. സി. സി.യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ഏർളി കാൻസർ ഡിറ്റക്ഷൻ സെൻററുകളും കാൻസർ ബോധവൽക്കരണവും, രോഗനിർണ്ണയ ക്യാമ്പുകളും സംസ്ഥാനം ഒട്ടാകെ നടത്തിവരുന്നു.<br>മലബാർ കാൻസർ സെൻററിൽ കാൻസർ ചികിത്സയ്ക്കൊപ്പം തന്നെ കാൻസർ ബോധവൽക്കരണത്തിൻെറയും നിയന്ത്രണത്തിൻെറയും ഭാഗമായി പ്രാരംഭഘട്ടത്തിൽ രോഗം കണ്ടുപിടിക്കുന്നതിനായി സെൻററിൻെറ തന്നെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൻെറ പ്രവർത്തനത്തിൻെറ ഭാഗമായി സർക്കാർ, സർക്കാരിതര സംഘടനകളുടെ സഹായത്തോടെ ധാരാളം കാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. നിലവിൽ മലബാർ കാൻസർ സെൻററിൻെറ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസറഗോഡ്, വയനാട്., കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണപ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. |
| (ബി) | കാൻസർ ചികിത്സാരംഗത്ത് നൂതന സംവിധാനം മലബാർ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | തലശ്ശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന കണ്ണൂർ ജില്ലയിലെ മലബാർ കാൻസർ സെൻറർ കേരള സർക്കാരിൻെറ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ്. 2000 –ൽ പ്രവർത്തന മാരംഭിച്ച മലബാർ കാൻസർ സെൻററിൽ കാൻസർ രോഗ നിർണ്ണയത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാണ്. ഏകദേശം 10 കോടി രൂപ മുടക്കി റേഡിയേഷൻ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു. മജ്ജ മാറ്റിവെക്കൽ |

| | | | |
|---|---|---|---|
| | | | ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. നിലവിലുള്ള ഓപ്പറേഷൻ തിയേറ്ററിൽ കൂടുതൽ ഉപകരണങ്ങൾ സ്ഥാപിക്കാനുള്ള സമഗ്ര പരിപാടികൾ പുരോഗമിച്ചുവരുന്നു. |
| (സി) | കാൻസർ രോഗികൾക്കും വൃക്കമാറ്റി വെച്ചവർക്കും പ്രത്യേക ചികിത്സാ ധനസഹായം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (എസ്.എം.എ.പി) പദ്ധതിപ്രകാരം വാർഷിക വരുമാനം 24,000/- രൂപയിൽ താഴെയുള്ള കാൻസർ രോഗികൾക്ക് പരമാവധി 10,000/- രൂപവരേയും വൃക്കമാറ്റി വെയ്ക്കൽ ശസ്ത്രക്രിയ വേണ്ടിവരുന്ന രോഗികൾക്ക് പരമാവധി 20,000/- രൂപവരേയും ചികിത്സാധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ